# അതിരപ്പിള്ളി പദ്ധതി

# ബോർഡ് അനാവശ്യ വിവാദത്തിന്

**കേരളീയം ന്യൂസ് സർവീസ്**

തൃശൂർ: അതിരപ്പിള്ളി പദ്ധതിയുടെ പേരിൽ വിവാദങ്ങൾ ഉയർത്തിവിടാൻ വീണ്ടും ശ്രമം. അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി ഉൾപ്പെടെ 5 പദ്ധതികൾക്ക് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് കെ. എസ്. ഇ. ബി. എ. ഡി. ബിയെ സമീപിച്ചതായുള്ള പത്രവാർത്തയാണ് (മാതൃഭൂമി, 16.8.2002) പുതിയ വിവാദത്തിന് തിരികൊളുത്തുന്നത്.

അതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിന്റെ അനുമതി ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ബോർഡ് സൂചിപ്പിക്കുന്നു. പദ്ധതി പ്രദേശത്ത് പാരിസ്ഥിതികപഠനം നടത്തിയതായും ജലവൈദ്യുതിയെക്കുറിച്ചും പുഴയിൽ നിലനിൽക്കുന്ന പദ്ധതികളുടെ സാന്നിദ്ധ്യം ഉണ്ടാക്കാവുന്ന പ്രതിഫലനങ്ങളെക്കുറിച്ചും പഠിക്കാൻ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായി ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രജലകമ്മീഷൻ ജലലഭ്യത ഉടൻതന്നെ പഠനവിഷയമാക്കുമെന്ന് കെ. എസ്. ഇ. ബി പറയുന്നു. കോടതി നിർദ്ദേശപ്രകാരം ജനുവരിയിൽ നടത്തിയ ജനസമ്പർക്കപരിപാടിയുടെ റിപ്പോർട്ട് വനം-പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തതായി ബോർഡ് ചൂണ്ടിക്കാണിക്കുന്നു. അനുമതിക്കായി വീണ്ടും സമർപ്പിക്കും മുമ്പ് ഇവ പരിഗണിക്കണമെന്നായിരുന്നു കോടതി നിർദ്ദേശമെന്നാണ് ബോർഡിന്റെ അവകാശവാദം. എന്നാൽ ഏറെ തെറ്റിദ്ധാരണാജനകവും അബദ്ധജടിലവുമാണ് ഈ റിപ്പോർട്ട് എന്ന് ചാലക്കുടി പുഴ സംരക്ഷണസമിതി വ്യക്തമാക്കുന്നു. ഹൈക്കോടതി നിർദ്ദേശപ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഫെബ്രുവരി 6ന് തൃശൂരിൽ ടൗൺഹാളിൽ (ജനവരിയിൽ എന്നാണ് റിപ്പോർട്ട് പറയുന്നത്) നടത്തിയ പൊതുതെളിവെടുപ്പിനെ ഒരു ജനസമ്പർക്ക പരിപാടി മാത്രമായി അവതരിപ്പിക്കാനാണ് ബോർഡ് ശ്രമം എന്ന് അവർ പറയുന്നു. ബോർഡാണ് പ്രസ്തുതപരിപാടി സംഘടിപ്പിച്ചതെന്ന് തോന്നിപ്പിക്കുവാനാണ് അവരുടെ ശ്രമം. പൊതുതെളിവെടുപ്പിന്റെ റിപ്പോർട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുള്ളതിനാൽ അതിന്മേൽ അഭിപ്രായം പറയുവാൻ ബോർഡിന് അവകാശമില്ല. പദ്ധതി വീണ്ടും സമർപ്പിക്കാൻ കോടതിയുത്തരവായിട്ടില്ല എന്നുമാത്രമല്ല മന്ത്രാലയത്തിന്റെ തീരുമാനം വരും മുമ്പ് ബോർഡോ അവരുടെ ഏ [illegible] കോടതിയലക്ഷ്യമാണെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു.

പുഴയിൽ ആവശ്യത്തിന് ജലമുണ്ടാകില്ല എന്ന് കോടതിയിലും പൊതുതെളിവെടുപ്പിലും ബോധ്യപ്പെട്ടിട്ടും കേന്ദ്ര ജലകമ്മീഷൻ ജലലഭ്യതയെപ്പറ്റി പഠനം നടത്തുമെന്ന് പറയുന്നത് വളച്ചൊടിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്.

വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകില്ല എന്നുറപ്പുണ്ടായിട്ടും എ. ഡി. ബി. ധനസഹായത്തിനായി ബോർഡ് ശ്രമിക്കുന്നത് കോടതിയേയും മന്ത്രാലയത്തേയും എ. ഡി. ബി. യേയും പൊതുജനങ്ങളേയും ഒരുപോലെ വഞ്ചിക്കലാണെന്ന് സമിതി അടിവരയിട്ടുപറയുന്നു. ഈ വിവരങ്ങൾ വ്യക്തമാക്കിക്കൊണ്ട് സമിതി എ. ഡി. ബിക്ക് കത്തയച്ചിട്ടുണ്ട്.

അതിരപ്പിള്ളിയുൾപ്പെടെയുള്ള വൈദ്യുതപദ്ധതികളിൽ എ. ഡി. ബി ഇടപെടലിന്റെ സ്വഭാവം വ്യക്തമാക്കണമെന്നും, ലോക അണക്കെട്ട് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഈ പദ്ധതികളിൽ എത്രമാത്രം സ്വീകരിച്ചിട്ടുണ്ട് എന്നറിയണമെന്നും കത്തിൽ ആവശ്യപ്പെട്ടു. എ ഡി ബി വായ്പ സംബന്ധിച്ച രേഖകൾ ലഭ്യമാക്കണമെന്ന് കത്തിൽ സൂചിപ്പിക്കുന്നുണ്ട്